


# വാൾട്ട് ഡിസ്നിയുടെ വിജയകഥ

**മാർക്ക് കുറഞ്ഞാൽ, ആഗ്രഹിക്കുന്നവ ലഭിക്കാതിരുന്നാൽ കൂട്ടുകാർ നിരാശരാകാറുണ്ടോ? ചെറിയ ബുദ്ധിമുട്ടുകളിൽപ്പോലും തളർന്നു പോകാറുണ്ടോ? അതെ എന്നാണ് ഉത്തരമെങ്കിൽ കൂട്ടുകാർ ലോക പ്രശസ്ത കാർട്ടൂണിസ്റ്റ് വാൾട്ട് ഡിസ്നിയുടെ ഈ ജീവിത കഥ വായിച്ചു നോക്കൂ**

ദേവനന്ദ

ജീവിതത്തിൽ നേരിടേണ്ടി വന്ന ഒട്ടനേകം പ്രതിസന്ധികളെ ധൈര്യപൂർവ്വം തരണം ചെയ്താണ് വാൾട്ട് ഡിസ്നി ജീവിത വിജയം നേടിയത്. അദ്ദേഹത്തെപ്പോലെ ബാല്യത്തിൽ അധ്യാപകരുടെയും സഹപാഠികളുടെയും മുമ്പിൽ പരിഹാസപാത്രമായ പലരും കഠിനാധ്വാനത്തിലൂടെ പിന്നീട് ജീവിതത്തിലെ വിവിധ മേഖലകളിൽ ലോകോത്തര നേട്ടം കൈവരിച്ചിട്ടുണ്ട്.



വാൾട്ട് ഡിസ്നി

ലോകപ്രശസ്ത ചിത്രകാരൻ ലിയനാർഡോ ഡാവിഞ്ചി, എഴുത്തുകാരി അഗത ക്രിസ്റ്റി, ശാസ്ത്രജ്ഞരായ അലക്സാണ്ടർ ഗ്രഹാംബെൽ, തോമസ് ആൽവ എഡിസൺ, ആൽബർട്ട് ഐൻസ്റ്റീൻ, ഹോളിവുഡ് സംവിധായകൻ സ്റ്റീവൻ സ്പീൽബർഗ് എന്നിവരെല്ലാം അവരുടെ ബാല്യകാലത്തിലെ പ്രശ്നങ്ങളെ കഠിന പ്രയത്നത്താൽ അതിജീവിച്ച് വിജയം നേടിയവരാണ്.

ജീവിതത്തിൽ പ്രതിസന്ധികളും പരാജയങ്ങളും അപമാനങ്ങളും ഏകാന്തതയും ഏറ്റുവാങ്ങേണ്ടി വരുമ്പോൾ ക്ഷമയോടെ, ആത്മവിശ്വാസത്തോടെ, കഠിന പ്രയത്നത്തിലൂടെ എങ്ങനെ വിജയം നേടാമെന്ന് ഇവർ സ്വന്തം ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തന്നു.

## വാൾട്ട് ഡിസ്നിയുടെ ജീവിത കഥ

വെറും സാധാരണക്കാരായിരുന്ന മാതാപിതാക്കളുടെ അഞ്ചു മക്കളിൽ ഒരാളായിരുന്ന വാൾട്ട് ഡിസ്നിയുടെ ബാല്യകാലം അത്ര സുഖകരമായിരുന്നില്ല.

കുറച്ചു നാൾ അദ്ദേഹം റെയിൽവേ സ്റ്റേഷനിലും മറ്റും പത്രവും

**സത്യജിത് റേക്ക് സിനിമാ സംവിധായകനാവാൻ പ്രചോദനമായ സിനിമ– ബൈസിക്ക്ൾ തീവ്സ്**

ലഘുഭക്ഷണവും വിറ്റു നടന്നിരുന്നു. ചിക്കാഗോ മാക് കിൻലെ ഹൈസ്കൂളിൽ ഡ്രോയിങ്ങും ഫോട്ടോഗ്രഫിയുടെ ബാലപാഠങ്ങളും അഭ്യസിച്ചിരുന്ന അദ്ദേഹം രാത്രികാലങ്ങളിൽ ചിക്കാഗോ ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തിയിരുന്നു.

എന്നാൽ 16-മത്തെ വയസ്സിൽ അദ്ദേഹത്തിന് സ്കൂൾ പഠനം നിർത്തേണ്ടി വന്നു. പട്ടാളത്തിൽ ചേരാൻ ശ്രമിച്ചെങ്കിലും പ്രായക്കുറവ് തടസ്സമായി. ഒന്നാം ലോക മഹായുദ്ധകാലത്ത് റെഡ്ക്രോസിന്റെ ആംബുലൻസ് ഡ്രൈവറായ അദ്ദേഹം ഫ്രാൻസിൽ സേവനമനുഷ്ഠിച്ചു.

തുടർന്ന് 1919-ൽ അമേരിക്കയിൽ മടങ്ങിയെത്തിയ അദ്ദേഹം ഒരു ചെറുപത്രത്തിൽ ന്യൂസ് പേപ്പർ ആർട്ടിസ്റ്റായി ജോലിക്കു ചേർന്നു. കുറെ നാൾ അവിടെ പത്രപ്പരസ്യങ്ങളുടെ രൂപകൽപന നിർവ്വഹിച്ച അദ്ദേഹം സഹോദരന്റെ സഹായത്താൽ വെസ്മെൻ റൂബിൻ ആർട്ട് സ്റ്റുഡിയോയിലെത്തിച്ചേർന്നു.

തുടർന്ന് ഡിസ്നി കൻസാസ് സിറ്റി ഫിലിം ആഡ് കമ്പനിയിൽ കട്ട്ഔട്ട് അനിമേറ്ററായി. ഇക്കാലയളവിലാണ് അദ്ദേഹം കൈകൊണ്ടു വരച്ച ചിത്രങ്ങളും ക്യാമറയുമായി പുതിയ പരീക്ഷണങ്ങളിൽ ഏർപ്പെട്ടത്. ഒരൊറ്റ ജീവനക്കാരനുമായി അദ്ദേഹം സ്വന്തം അനിമേഷൻ ബിസിനസ്സിന് തുടക്കമിട്ടു. കഠിന പ്രയത്നത്തിന്റെ നാളുകളിൽ നേരിട്ട തിരിച്ചടികളെല്ലാം അദ്ദേഹം ധൈര്യപൂർവ്വം നേരിട്ടു.

സർഗാത്മകതയില്ലെന്നു പറഞ്ഞ് ഒരു



## ഡിസ്നി കമ്പനിയുടെ വളർച്ച

**1923-ൽ** വാൾട്ട്, റോയ് ഡിസ്നി സഹോദരങ്ങൾ ഒരു ചെറിയ അനിമേഷൻ സ്റ്റുഡിയോയായാണ് ഈ കമ്പനി സ്ഥാപിച്ചത്. എന്നാൽ ഇന്നിത് ഏറ്റവും വലിയ ഹോളിവുഡ് സ്റ്റുഡിയോകളിലൊന്നാണ്. കൂടാതെ പതിനൊന്ന് അമ്യൂസ്മെന്റ് പാർക്കുകളുടെയും, പല ടെലിവിഷൻ നെറ്റ്വർക്കുകളുടേയും ചുമതല വഹിക്കുന്നു. കൂടാതെ സിനിമ, സംഗീതം, പ്രസിദ്ധീകരണം, വീഡിയോ ഗെയിം, റേഡിയോ സംപ്രേഷണം, വെബ് പോർട്ടൽ എന്നിവയിലും പ്രവർത്തിക്കുന്നുണ്ട്. ദ വാൾട്ട് ഡിസ്നി കമ്പനിയുടെ ഇപ്പോഴത്തെ വാർഷിക വരുമാനം 3500 കോടി യു.എസ് ഡോളറാണ്.

അടുത്തിടെയാണ് മാധ്യമഭീമനായ റുപർട്ട് മർഡോക്കിന്റെ വിനോദ മാധ്യമ സാമ്രാജ്യമായ 'ട്വന്റി ഫസ്റ്റ് സെഞ്ചുറി ഫോക്സ്' വാൾട്ട് ഡിസ്നി കമ്പനി സ്വന്തമാക്കിയത്. 5,240 കോടി ഡോളറിന് (ഏതാണ്ട് 3.38 ലക്ഷം കോടി രൂപ) ഏറ്റെടുക്കൽ നടന്നു. ഇതോടെ ഫോക്സിന്റെ ചലച്ചിത്രടി.വി. സ്റ്റുഡിയോകൾ, കേബിൾ വിനോദ ശൃംഖലകൾ, ജനപ്രിയ വിനോദ പരിപാടികൾ, നാഷണൽ ജ്യോഗ്രഫിക്, അന്താരാഷ്ട്ര ടി.വി. ബിസിനസുകൾ, തുടങ്ങിയവ വാൾട്ട് ഡിസ്നി കമ്പനിക്ക് സ്വന്തമാകുകയാണ്.

**ഗോധ്ര കലാപം അന്വേഷിച്ച കമ്മീഷൻ– നാനാവതി ഷാ കമ്മീഷൻ**

**ഡിസ്നി** ലാൻഡ് എന്ന് അറിയപ്പെടുന്ന ഡിസ്നി ലാൻഡ് പാർക്കാണ് സാക്ഷാൽ വാൾട്ട് ഡിസ്നി നേരിട്ട് ഡിസൈൻ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയ ആദ്യത്തെ തീം പാർക്ക്. 1955-ൽ കാലിഫോർണിയയിലെ അനഹൈം എന്ന സ്ഥലത്തായിരുന്നു അത്. മുത്തശ്ശിക്കഥകളിലെ വമ്പൻ കൊട്ടാരങ്ങളും ഡിസ്നി കഥാപാത്രങ്ങളുമാണ് ഇവിടത്തെ മുഖ്യ ആകർഷണം. പ്രവർത്തനം ആരംഭിച്ച വേളയിൽ തന്നെ ദശലക്ഷക്കണക്കിന് ആളുകൾ ഇവിടം സന്ദർശിച്ചിരുന്നു. 2005-ലും 2013-ലും 16.2 ദശലക്ഷം സന്ദർശകർ ഇവിടെയെത്തിച്ചേർന്നു. തുടർന്ന് ലോകത്തിൽ ഏറ്റുമധികം

# അത്ഭുതങ്ങളുടെ കലവറയായ ഡിസ്നി ലാൻഡ്

സഞ്ചാരികളെത്തുന്ന 3-മത്തെ പാർക്കെന്ന ബഹുമതി ഡിസ്നി ലാൻഡ് കരസ്ഥമാക്കി.

വാൾട്ട് ഡിസ്നിയും അദ്ദേഹത്തിന്റെ സഹോദരനും ചേർന്ന് സ്ഥാപിച്ച ഡിസ്നി ലാൻഡും ഡിസ്നി വേൾഡും അദ്ഭുതങ്ങളുടെ പറുദീസകളാണ്. അമേരിക്ക, ഫ്രാൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ നഗരങ്ങളിൽ ദ വാൾട്ട് ഡിസ്നി കമ്പനിയുടെ ഉടമസ്ഥതയിലുള്ള അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

27,258 ഏക്കറിലായി പരന്നു കിടക്കുന്ന വാൾട്ട് ഡിസ്നി വേൾഡിൽ നാല് തീം പാർക്കുകൾ, 2 വാട്ടർ പാർക്കുകൾ, 27 തീംഡ് റിസോർട്ട് ഹോട്ടലുകൾക്കു പുറമെ ധാരാളം ഗോൾഫ് കോഴ്സുകളും ക്യാമ്പിങ്ങ് റിസോർട്ട്, ഔട്ട് ഡോർ ഷോപ്പിംഗ് സെന്ററായ ഡിസ്നി സ്പ്രിംഗ്സ് എന്നിവയുമുണ്ട്. ഇവിടം സ്വർഗ്ഗതുല്യമാക്കുവാനായി 62,000 ജീവനക്കാർ രാപ്പകൽ അധ്വാനിക്കുന്നു. അവധിക്കാലം ആഘോഷിക്കുവാനായി ഏറ്റവുമധികം സഞ്ചാരികൾ വന്നെത്തുന്നത് വാൾട്ട് ഡിസ്നി വേൾഡിലാണ്. പ്രതിവർഷം ശരാശരി 52 ദശലക്ഷത്തിലധികം വിനോദ സഞ്ചാരികളാണ് ഇവിടെ എത്തിച്ചേരുന്നത്.



*വാൾട്ട് ഡിസ്നി കാലിഫോർണിയയിലെ സിഡ്നി ലാൻഡിനു മുമ്പിൽ*

പത്രം വാൾട്ട് ഡിസ്നിയെ പിരിച്ചുവിട്ടതും സഹോദരനുമൊത്ത് തുടങ്ങിയ 'ലാഫ് ഓഗ്രാം' എന്ന കമ്പനി പൊളിഞ്ഞതും, കടം വർദ്ധിച്ചതും, താൻ സൃഷ്ടിച്ച കഥാപാത്രത്തിന്റെ പകർപ്പവകാശം വിതരണക്കാരൻ കൈക്കലാക്കിയതും അദ്ദേഹത്തെ തളർത്തിയില്ല. പരാജയങ്ങളെ ഊർജ്ജമാക്കിയ അദ്ദേഹം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി.



ഡിസ്നി പാർക്കിലെ ട്രെയിൻ

ഏറ്റവും കൂടുതൽ ഓസ്കാർ നാമനിർദ്ദേശങ്ങളും പുരസ്കാരങ്ങളും നേടിയ വ്യക്തി എന്ന റെക്കോർഡും അദ്ദേഹത്തിന് സ്വന്തം. ഏഴ് എമ്മി അവാർഡുകളും അദ്ദേഹം നേടിയിട്ടുണ്ട്. ഡിസ്നിയും സഹപ്രവർത്തകരും ചേർന്നാണ് ലോകത്തിലെ ഏറ്റവും പ്രശസ്തമായ പല കാൽപ്പനിക കഥാപാത്രങ്ങളേയും സൃഷ്ടിച്ചത്. ഡിസ്നിയുടെ മുഖമുദ്രയായ മിക്കി മൗസും ഇതിൽ ഉൾപ്പെടുന്നു.

ലോകത്തിലെ ഏറ്റവും മികച്ച സിനിമാ നിർമ്മാണക്കമ്പനിയായ ദ വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസിന് പുറമെ മികച്ച അമ്യൂസ്മെന്റ് പാർക്കുകളുടെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം. 1901 ഡിസംബർ 1ന് ജനിച്ച വാൾട്ട് ഡിസ്നി 1966 ഡിസംബർ 15ന് അന്തരിച്ചു.

## വാൾട്ട് ഡിസ്നിയുടെ നേട്ടങ്ങൾ

വാൾട്ട് ഡിസ്നി ഇരുപതാം നൂറ്റാണ്ടിലെ വിനോദ മേഖലയിൽ ഏറ്റവും സ്വാധീനം ചെലുത്തിയ വ്യക്തിയാണ്. ഒട്ടനേകം കാർട്ടൂൺ കഥാപാത്രങ്ങൾ, ആനിമേഷൻ ചിത്രങ്ങൾ, ഫീച്ചർ ഫിലിമുകൾ, ടെലിവിഷൻ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ എന്നിവ ഒരുക്കിയ അദ്ദേഹം 26 അക്കാഡമി അവാർഡുകൾ നേടി.

ലോകത്ത് ആദ്യമായി കാർട്ടൂൺ സിനിമ ഒരുക്കിയ അദ്ദേഹം മിക്കി, മിന്നി, പ്ലൂട്ടോ, ഡൊണാൾഡ് ഡക്ക് എന്നീ കഥാപാത്രങ്ങളുടെ പ്രധാന സ്രഷ്ടാവു കൂടിയാണ്. സഹോദരൻ റോയ് ഒ ഡിസ്നിക്കൊപ്പം വാൾട്ട് ഡിസ്നി പ്രൊഡക്ഷൻസിന്റെ സഹസ്ഥാപകൻ എന്ന നിലയിൽ ഇദ്ദേഹം ലോകത്തിലെ ഏറ്റവും അറിയപ്പെടുന്ന ചലച്ചിത്ര നിർമ്മാതാക്കളിൽ ഒരാളായി മാറി.



## ഫ്ളോറിഡ പ്രോജക്റ്റ്

1965ൽ വാൾട്ട് ഡിസ്നി തന്റെ ഫ്ളോറിഡ പ്രോജക്റ്റിനെ പറ്റി പ്രഖ്യാപിച്ചു. എന്നാൽ അതിന്റെ നിർമ്മാണം പൂർത്തിയാകുന്നത് കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചില്ല. 1966ൽ തന്റെ 65മത്തെ വയസ്സിൽ ശ്വാസകോശത്തിലെ അർബുദത്തെ തുടർന്ന് അദ്ദേഹം ഈ ലോകത്തിൽ നിന്നും വിടവാങ്ങി.